## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2964** **10.03.2017-ൽ മറുപടിക്ക്**

**<u>കൊയിലാണ്ടി റയിൽവേ മേൽപ്പാലം</u>**

**<u>ചോദ്യം</u>**

**ശ്രീ.കെ. ദാസൻ**

(എ) കൊയിലാണ്ടി റെയിൽവേ മേൽപ്പാലം നിർമ്മാണ സമയത്ത് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ 10046/ഡി 1/2013, 24876/ഡി 2/2015 നമ്പർ ഫയലുകളിലെ നടപടി പുരോഗതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ 03.12.2014ലെ 10046/ഡി1/2013 നമ്പർ കത്ത് പ്രകാരം കൊയിലാണ്ടി മേൽപ്പാലത്തിന് അടിവശത്തും വശങ്ങ- ളിലുള്ളതുമായ സ്ഥലം കൊയിലാണ്ടി നഗരസഭയിൽ നിക്ഷിപ്തമാണോ; നഗര- സഭയ്ക്ക് സ്വന്തം നിലയിൽ ഇവിടെ പദ്ധതികൾ നടപ്പിലാക്കാൻ നിയമാനുസൃതം സാധിക്കുമോ; വിശദമായി വ്യക്തമാക്കാമോ;

**<u>മറുപടി</u>**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) & (ബി) കൊയിലാണ്ടി റെയിൽവേ മേൽപ്പാലം നിർമ്മാണ സമയത്ത് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രസ്തുത ഫയലുകളിൽ ലഭിച്ച ബഹു. കൊയിലാണ്ടി എം.എൽ.എ ശ്രീ.കെ.ദാസൻ ഉൾപ്പെടെയുള്ളവരുടെ അപേക്ഷ, മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. 1944 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994 ലെ 20-ാം ആക്ട്) 207 (1)-ാം വകുപ്പ് പ്രകാരം പാലങ്ങളുടെ വശങ്ങളിലുള്ള സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും മുനിസിപ്പാലിറ്റിയ്ക്ക് കൈമാറ്റം ചെയ്തതായും പൂർണ്ണമായും നിക്ഷിപ്തമായതായും കണക്കാക്കിയിരിക്കുന്നതാണ് എന്നും കൂടാതെ 1968 ലെ സർക്കാർ ഭൂമി കൈമാറ്റ ചട്ടങ്ങൾ സർക്കാരിന്റെ സേവനം വകുപ്പുകൾക്ക് മാത്രമാണ് ബാധകമാക്കിയിരിക്കുന്നത് എന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK) എന്ന സർക്കാർ പൊതുമേഖലാ സ്ഥാപനവും കൊയിലാണ്ടി മുനിസിപ്പാലിറ്റിയും സർക്കാരിന്റെ സേവന വകുപ്പുകൾ എന്ന നിർവ്വചനത്തിൽ വരുന്നില്ല എന്നും ആകയാൽ ഭൂമി കൈമാറുന്നതിന് ആർ.ബി.ഡി.സി.കെയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും സൂചിപ്പിച്ച് കൊണ്ട് ബഹു. എം.എൽ.എ-യ്ക്ക് 03.12.2014-ൽ ഒരു മറുപടി നൽകുകയും ഇതിൽ തുടർനടപടി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ,

ആർ.ബി.ഡി.സി.കെ-യോട് ആവശ്യപ്പെട്ടുകയുമുണ്ടായി. എന്നാൽ റെയിൽവേ ഓവർ ബ്രിഡ്ജിനു വേണ്ടി ഏറ്റെടുത്ത സ്ഥലം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ആകയാൽ RBDCK യ്ക്ക് പ്രസ്തുത സ്ഥലം കൊയിലാണ്ടി നഗരസഭയ്ക്ക് കൈമാറുവാൻ സാദ്ധ്യമല്ലെന്നും സർക്കാർ തലത്തിൽ ആവശ്യമായ നടപടി എടുക്കേണ്ടതാണെന്നും മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ സർക്കാരിനെ അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിക്കുകയും കൈമാറ്റം ചെയ്യേണ്ട ഭൂമിയെ കുറിച്ചുള്ള വിശദാംശങ്ങളും കൈമാറ്റം സംബന്ധിച്ച വിശദമായ റിപ്പോർട്ടും വ്യക്തമായ ശുപാർശ ഉൾപ്പടെ കോഴിക്കോട് ജില്ലാകളക്ടറിൽ നിന്നും ലഭ്യമാക്കാൻ മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി. കെ യോട് 03.02.2016 ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ കോഴിക്കോട് കളക്ടറോടും, 19.09.2016 ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

| | | |
|---|---|---|
| (സി) | 03.02.2016 തീയതിയിലെ പൊതുമരാമത്ത് (സി) വകുപ്പിലെ 24876/ഡി2/2015 നമ്പർ പ്രകാരം അയച്ച കറിപ്പനുസരിച്ച് ആർ.ബി.ഡി. സി.കെ.യിൽ നിന്ന് ആവശ്യമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കമെന്ത്; പകർപ്പ് ലഭ്യമാക്കാമോ; | (സി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ഡി) | ആർ.ബി.ഡി.സി.കെ.യുടെ റിപ്പോർട്ടനുസരിച്ച് ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എപ്പോൾ തീർപ്പുണ്ടാകും എന്ന് വ്യക്തമാക്കാമോ? | (ഡി) ഇതു സംബന്ധിച്ച കോഴിക്കോട് ജില്ലാകളക്ടറുടേയും അതിൻമേൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടും ലഭിച്ചാൽ ഉടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

Receipt No : 841979/2016/OS-PWD

# Roads and Bridges Development Corporation of Kerala Ltd.

*(A Government of Kerala Undertaking)*

CIN : U45203KL1999SGC013314
Regd.Office : 2nd Floor, Preethi Building, M.V. Road, Palarivattom Kochi - 682 025
Phone : 91-484-2338205, 2338206, 2345171
Fax : 91-484-2533294
E-mail : rbdckltd@gmail.com
Website : www.rbdck.com

RBDCK/LA/1631/2009/1338
31.08.2016

അഡീഷണൽ ചീഫ് സെക്രട്ടറി
പൊതുമരാമത്ത് (ഡി) വകുപ്പ്
സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം: ആർ.ബി.ഡി.സി.കെ.- കൊയിലാണ്ടി റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസത്തിന് നടപടി – സംബന്ധിച്ച്.

സൂചന: അങ്ങയുടെ 03.02.2016–ലെയും 22.08.2016–ലെയും 24876/ഡി2/2015/ പൊ.മ.വ. നമ്പർ കത്ത്

സൂചനാ കത്തുകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കൊയിലാണ്ടി റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ ഒഴിപ്പിച്ച വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന് കൈമാറ്റം ചെയ്യേണ്ട ഭൂമിയെക്കുറിച്ചുള്ള വിശദാംശങ്ങളും കൈമാറ്റം സംബന്ധിച്ച വിശദമായ റിപ്പോർട്ടും വ്യക്തമായ ശുപാർശ സഹിതം നേരിട്ട് ഗവൺമെൻറിലേക്ക് ലഭ്യമാക്കണമെന്ന് 11.04.2016–ൽ ഇതേ നമ്പരിൽ കത്ത് മുഖേന ജില്ലാ കളക്ടർ, കോഴിക്കോടിനെ അറിയിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ,
റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷനു വേണ്ടി,

മാനേജിംഗ് ഡയറക്ടർ